ഭരണഭാഷ - മാതൃഭാഷ

നമ്പർ.സി:427/18

ജില്ലാസാമൂഹ്യനീതി ഓഫീസറുടെ
കാര്യാലയം,
സിവിൽ സ്റ്റേഷൻ , വയനാട് പിൻ: 673122,
Email: dsjowyd@gmail.com,
ഫോൺ: 04936205307,
തിയതി :18.04.2018

ജില്ലാ സാമൂഹ്യനീതി ഒഫീസർ,
വയനാട്

ശ്രീ എസ്. ആർ കെ പ്രതാപൻ,
അഡ്വക്കേറ്റ്, ഫസ്റ്റ് ഫ്ളോർ,
ഓറിയന്റൽ കോംപ്ളക്സ്,
ബാനർജി റോഡ്, കൊച്ചി.

വിഷയം: സാമഹ്യനീതി വകുപ്പ്-ജില്ലാ സാമൂഹ്യനീതി ഒഫീസ് വയനാട്
വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന: താങ്കളുടെ 10/03/18 ലെ അപേക്ഷ.

സർ,

വിവരാവകാശ നിയമ പ്രകാരം മറുപടി ലഭിക്കുന്നതിന് സൂചന കത്തിൽ താങ്കൾ ആവശ്യപ്പെട്ട പ്രകാരം മറുപടി ചുവടെ ചേർക്കുന്നു.

25. ഈ ഓഫീസിലെ 424/2017 നമ്പർ ആയി വിതരണ റജിസ്റ്ററിൽ രേഖപ്പെടുത്തിയ തപാൽ വകുപ്പ്തല വാഹനത്തിന്റെ ടയർ മാറ്റുന്നത് സംബന്ധിച്ച് ആണെന്ന് അറിയിക്കുന്നു.
26. ഈ ഓഫീസിൽ ലഭ്യമല്ല. .
27. ഈ ഓഫീസിൽ ലഭ്യമല്ല.
28. ബാധകമല്ല.
32. കഴിഞ്ഞ 5 വർഷം ജില്ലാ സാമൂഹ്യനീതി ഓഫീസർ ചുമതല വഹിച്ചവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. കെ വിലാസനാഥ്
2. സി. സുന്ദരി
3. കിഷോർ. വി. സി
4. വി. കെ രത്നസിംങ്
5. അബ്ദുൾ കരീം പി.പി
6. നിഷ വി ഐ
7. ഡാർലി ഇ. പോൾ

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യനീതി ഒഫീസർ ,
വയനാട്

46/18

പ്രോഗ്രാം ഓഫീസറുടെ കാര്യാലയം
ജില്ലാതല ഐസിഡിഎസ് സെൽ
വയനാട്. കൽപ്പറ്റ,
ഫോൺ നം. 04936 204833
ഇമെയിൽ-icdswyd@gmail.com
തിയതി. 3/4/18

പ്രോഗ്രാം ഓഫീസർ, & പബ്ളിക്ക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാതല ഐസിഡിഎസ് സെൽ, വയനാട്.
കൽപ്പറ്റ

അഡ്വക്കേറ്റ് എസ്.ആർ.കെ. പ്രതാപ്,
1st ഫ്ളോർ, ഓറിയന്റൽ കോംപ്ളക്സ്, മാർക്കറ്റ് റോഡ് ജംഗ്ഷൻ
ബാനർജീ റോഡ്, കൊച്ചി- 682 018

സർ

വിഷയം : വനിതാ ശിശുവികസന വകുപ്പ് - ജില്ലാതല ഐസിഡിഎസ് സെൽ വയനാട് - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയുടെ മറുപടി - സംബന്ധിച്ച്.

സൂചന : വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 19/3/2018 തിയതി യിലെ 376/18 നമ്പർ മേലെഴുത്ത് കത്ത്.

മേൽസൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. സൂചന വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ 1, 11, 13, 15, 24, 29, 30 നമ്പറായുള്ള വിവരങ്ങൾ ചുവടെചേർക്കുന്നു.

1. 874 അങ്കണവാടികൾ
11. എസ്.എസ്.എൽ.സി പാസായ സേവനതൽപ്പരരായ വനിതകൾ. ഇതിൽ 10% പട്ടികജാതി-പട്ടിക വർഗ വിഭാഗത്തിൽനിന്നും എസ്എസ്എൽസി പാസായ അപേക്ഷകർ ഇല്ലാതെ വന്നാൽ എസ്എസ്എൽസി തോറ്റവരെയും പരിഗണിക്കാം. പട്ടിക വർഗത്തിൽപ്പെട്ട എസ്എസ്എൽസി പാസായ അപേക്ഷകർ ഇല്ലാതെ വന്നാൽ 8-ാം സ്റ്റാൻഡേർഡ് പാസായ പട്ടിക വർഗക്കാരേയും തെരഞ്ഞെടുപ്പിന് പരിഗണിക്കാം. (സ.ഉ.(എംഎസ്)നം.19/91/സാ.ക്ഷേ.വ. തിയതി 14/10/1991)
13. അങ്കണവാടി ഹെൽപ്പർ- എഴുതുവാനും വായിക്കാനും അറിയാവുന്ന വനിതകളെ മാത്രമെ ഹെൽപ്പർമാരായി തെരഞ്ഞെടുക്കാവു. എസ്എസ്എൽസി ജയിച്ചവർ ഹെൽപ്പർ തസ്തികയ്ക്ക് യോഗ്യരല്ല. സേവനതൽപ്പരത പ്രത്യേകം പരിഗണന അർഹിക്കുന്നു. (സ.ഉ.(എംഎസ്)നം.19/91/സാ.ക്ഷേ.വ. തിയതി 14/10/1991)
15. എഴുത്തുപരീക്ഷ നടത്തേണ്ടതില്ല. ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കേണ്ടതാണ്. (സ.ഉ.(എംഎസ്)നം.19/91/സാ.ക്ഷേ.വ. തിയതി 14/10/1991)
24. വർക്കർ/ഹെൽപ്പർമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവിന് പേജ് ഒന്നിന് 2/- രൂപ നിരക്കിൽ ആകെ രണ്ട് പേജുകൾക്ക് ആവശ്യമായ 4/- രൂപ (നാല് രൂപ മാത്രം) ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.
29. വർക്കർ/ഹെൽപ്പർമാരുടെ നിയമന നടപടികളുടെ പൂർണ്ണമായ ഉത്തരവാദിത്തം ഓരോ ഐസിഡിഎസ് പ്രൊജക്ടുകളിലെയും ശിശുവികസന പദ്ധതി ഓഫീസർമാർക്കാണ്.
30. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നുള്ള ശുപാർശ പ്രകാരം സാമൂഹ്യനീതി ഡയറക്ടർ നിയമനം നൽകുന്നു.

അപേക്ഷയിലെ 25, 26, 27, 28, 32 നമ്പർ വിവരങ്ങൾ വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസിൽനിന്നും ബാക്കിയുള്ള 2, 3, 4, 5, 6, 7, 8, 9, 10, 12, 14, 16, 17, 18, 19, 20, 21, 22, 23, 31, 33 ചോദ്യങ്ങൾക്ക് മറുപടി താങ്കൾക്ക് ലഭ്യമാക്കുന്നതിനായി ജില്ലയിലെ എട്ട് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

Nisha

പ്രോഗ്രാം ഓഫീസർ.

പകർപ്പ്

ജില്ലാ സാമൂഹ്യനീതി ഓഫീസർ, വയനാട്, കൽപ്പറ്റ.

അപ്പീൽ അധികാരി

ജില്ലാ സാമൂഹ്യനീതി ഓഫീസർ
വയനാട്, കൽപ്പറ്റ.

ന൦. എച്ച്എ-246/18

പ്രോഗ്രാം ഓഫീസറുടെ കാര്യാലയം
ജില്ലാതല ഐസിഡിഎസ് സെൽ
വയനാട്. കൽപ്പറ്റ,
ഫോൺ നം. 04936 204833
ഇമെയിൽ-icdswyd@gmail.com
തിയതി. 23/3/18

പ്രോഗ്രാം ഓഫീസർ,
ജില്ലാതല ഐസിഡിഎസ് സെൽ,
വയനാട്.

ജില്ലാ സാമൂഹ്യനീതി ഓഫീസർ
വയനാട്

സർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - ജില്ലാതല ഐസിഡിഎസ് സെൽ വയനാട് - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയുടെ മറുപടി - സംബന്ധിച്ച്.

സൂചന : അങ്ങയുടെ കാര്യാലയത്തിലെ 19/3/2018 തിയതിയിലെ 376/18 നമ്പർ മേലെഴുത്ത് കത്ത്.

മേൽസൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. സൂചനപ്രകാരം ഈ ഓഫീസിലേക്കയച്ച ശ്രീ എസ്.ആർ.കെ. പ്രതാപ്, അഡ്വക്കേറ്റ്, 1st ഫ്ളോർ, ഓറിയന്റൽ കോംപ്ളക്സ്, ബാനർജീ റോഡ്, കൊച്ചി എന്നയാളുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ 25, 26, 27, 28, 32 നമ്പർ വിവരങ്ങൾ വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസിൽനിന്നുള്ളവയാകയാൽ ആയത് ടിയാൾക്ക് അയച്ചുകൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പ്രസ്തുത അപേക്ഷയിലെ 1, 11, 13, 15, 24, 29, 30 നമ്പറായുള്ള വിവരങ്ങൾ ഈ ഓഫീസിൽനിന്നും അയക്കുന്നതും ബാക്കിയുള്ള 2, 3, 4, 5, 6, 7, 8, 9, 10, 12, 14, 16, 17, 18, 19, 20, 21, 22, 23, 31, 33 ചോദ്യങ്ങൾക്ക് മറുപടി അപേക്ഷകന് അയച്ചുകൊടുക്കുന്നതിനായി ജില്ലയിലെ എട്ട് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

Nisha.v.a.

പ്രോഗ്രാം ഓഫീസർ.